**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1432** **16-10-2026-ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉത്പാദനം സ്വയംപര്യാപ്തമാകാൻ കർമ്മ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉത്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ത്രിതല പഞ്ചായത്തുകളെയും സ്കൂൾ-കോളേജ് സ്ഥാപനങ്ങളെയും യുവജന ക്ലബുകളെയും സഹകരിപ്പിച്ച് വിപുലമായ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉത്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ത്രിതല പഞ്ചായത്തുകളെയും സ്കൂൾ-കോളേജ് സ്ഥാപനങ്ങളെയും യുവജന ക്ലബുകളെയും സഹകരിപ്പിച്ച് വിപുലമായ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനു ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

പ്രസ്തുത പദ്ധതിയുടെ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി സ്കൂളുകളിൽ പച്ചക്കറി ഉല്പാദനം ലക്ഷ്യമിട്ട് കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി രൂപീകരിക്കുന്ന വിദ്യാർത്ഥി കാർഷിക ക്ലബ്ബാണ് "കതിര്"(KATHIRU – Kerala Agriculture Technology Heritage and Innovation for Rural Understanding). കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ കാർഷിക അറിവ്, നവീന ആശയങ്ങൾ, പരിസ്ഥിതി സംരക്ഷണം, ഗ്രാമീണ വികസനം എന്നിവയെ ഏകോപിപ്പിച്ച് വിദ്യാർത്ഥികളെ ഭാവിയിലെ ഉത്തരവാദിത്തമുള്ള പൗരന്മാരാക്കി വളർത്തുക എന്നതാണ് "കതിരിന്റെ" ദൗത്യം.

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയും സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹനം നൽകി വരുന്നു. ഓണത്തിന് ഒരുക്കാം വിളവിന്റെ വിസ്മയം പരിപാടിയുടെ ഭാഗമായി 100/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങൾ അടങ്ങിയ സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 3/- രൂപ വിലവരുന്ന സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിരുന്നു. കൂടാതെ 10/- രൂപ വില വരുന്ന 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, വിവിധ കർഷക പ്രസിദ്ധീകരണങ്ങൾ മുഖേന 5/- രൂപ വില വരുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തിരുന്നു.

ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, സ്കൂൾ, കോളേജ്, അങ്കണവാടികൾ എന്നിവിടങ്ങളിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു. വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞത് 3 മുതൽ 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ക്ലസ്റ്റർ ഘടകത്തിൽ ഉൾപ്പെടുത്തി 1.25 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കർഷകർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

വി.എഫ്.പി.സി.കെ-യുടെ ആലത്തൂരിൽ സ്ഥിതി ചെയ്യുന്ന വിത്ത് സംസ്കരണ പ്ലാന്റിന് (Seed Processing Plant – SPP) പ്രതിവർഷം 80 മെട്രിക് ടൺ വിത്ത് ഉൽപ്പാദനശേഷിയുണ്ട്. കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ 17-ലധികം ഇനം പച്ചക്കറി വിത്തുകൾ ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.നടുകരയിലെ ഹൈടെക് പ്ലഗ് നഴ്സറിയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷിയുമുണ്ട്. ഇതുകൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്രഡിറ്റഡ് ഏജൻസി കൂടിയായ കൗൺസിൽ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ് എന്നിവയുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും, സന്നദ്ധ സംഘടനകൾ, സ്കൂളുകൾ തുടങ്ങിയവ മുഖേനയും വിത്തുകളും തൈകളും വിതരണം ചെയ്തുവരുന്നു.

പ്രശസ്ത സ്ഥാപനങ്ങളുടെ CSR പദ്ധതികളുടെ ഭാഗമായി വി.എഫ്.പി.സി.കെ വിവിധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള 110 ഓളം സ്കൂളുകളിൽ പോഷകസമൃദ്ധമായ പച്ചക്കറിത്തോട്ടങ്ങൾ (Nutritional Gardens) സ്ഥാപിച്ച് വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിനും പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**(ബി)** ഇങ്ങനെ ഉത്പ്പാദിപ്പിക്കുന്ന പച്ചക്കറികൾ വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും രണ്ടോ നാലോ സ്ഥിരം കച്ചവട കേന്ദ്രം വഴി വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് വി.എഫ്.പി.സി.കെ രൂപീകരിച്ച 298 സ്വാശ്രയ കർഷക സമിതികൾ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുവാനുമുള്ള സ്ഥിരം സംവിധാനമായി പ്രവർത്തിക്കുന്നു. കാർഷിക ഉൽപാദന മേഖലകളിൽ സ്ഥാപിക്കപ്പെട്ട ഇത്തരം വിപണന കേന്ദ്രങ്ങൾ വഴി കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണമില്ലാതെ വിപണനം ചെയ്യുവാനുള്ള സൗകര്യം നിലവിലുണ്ട്.

**(സി)** പച്ചക്കറി ഉത്പ്പാദകർക്ക് പലിശരഹിത വായ്പകൾ നല്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** പച്ചക്കറി ഉൽപാദകർക്ക് പലിശരഹിത വായ്പ നിലവിൽ വി.എഫ്.പി.സി.കെ നേരിട്ട് നൽകുന്നില്ല. എന്നാൽ 11 ദേശസാൽകൃത ബാങ്കുകളുമായി സഹകരിച്ച് പച്ചക്കറി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകി വരുന്നു. നിലവിൽ 9439 കർഷകർക്കായി 142 കോടി രൂപയുടെ വായ്പ വി.എഫ്.പി.സി.കെ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് കേന്ദ്ര സർക്കാർ നൽകുന്ന 3 ശതമാനം പലിശ സബ്സിഡിയ്ക്കു പുറമേ, വി.എഫ്.പി.സി.കെ വഴി 2 ശതമാനം പലിശ സബ്സിഡി നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**